Last Date for Application: The last date for submission of the duly filled in CAF is Tuesday, March 14, 2017. The Board or any committee thereof may extend the said date for such period as it may determine from time to time, subject to the Issue Period not exceeding 30 days from the Issue Opening Date (inclusive of the Issue Opening Date).

If the CAF or the plain paper application, as the case may be, together with the amount payable is not received by the Escrow Collection Bank/ Registrar to the Issue on or before the close of banking hours on the aforesaid last date or such date as may be extended by the Board/ a committee of the Board, the invitation to offer contained in the Letter of Offer shall be deemed to have been declined and the Board/ a committee of the Board shall be at liberty to dispose off the Equity Shares hereby offered, as provided under "Terms of the Issue – Basis of Allotment" on page 118 of the Letter of Offer.

INVESTORS MAY PLEASE NOTE THAT THE EQUITY SHARES OF THE BANK CAN BE TRADED ON THE STOCK EXCHANGES ONLY IN DEMATERIALIZED FORM.

LISTING: The existing Equity Shares are listed on the BSE Limited ("BSE") and the National Stock Exchange of India Limited ("NSE"). The Equity Shares offered through this Letter of Offer are proposed to be listed on the BSE and NSE. Our Bank has received "in-principle" approval from BSE and NSE for listing of the Equity Shares to be allotted pursuant to the Issue vide letters dated February 6, 2017 and February 7, 2017 respectively. The BSE shall be the Designated Stock Exchange for the Issue.

DISCLAIMER CLAUSE OF SEBI: It is to be distinctly understood that the submission of the letter of offer to SEBI should not in any way be deemed or construed that the same has been cleared or approved by SEBI. Investors are advised to refer to the Letter of Offer for the full text of the "**Disclaimer Clause of SEBI**" on Page 87 of the Letter of Offer.

DISCLAIMER CLAUSE OF BSE (Designated Stock Exchange): It is to be distinctly understood that the permission given by BSE should not, in anyway, be deemed or construed that the Letter of Offer has been cleared or approved by BSE; nor does it certify the correctness or completeness of any of the contents of the Letter of Offer. Investors are advised to refer to the Letter of Offer for the full text of the "**Disclaimer Clause of the BSE**" on Page 91 of the Letter of Offer.

DISCLAIMER CLAUSE OF NSE: It is to be distinctly understood that the permission given by NSE should not, in anyway, be deemed or construed that the Letter of Offer has been cleared or approved by NSE; nor does it certify the correctness or completeness of any of the contents of the Letter of Offer. Investors are advised to refer to the Letter of Offer for the full text of the "**Disclaimer Clause of the NSE**" on Page 92 of the Letter of Offer.

Disclaimer Clause of RBI: A license authorising our Bank to carry on banking business has been obtained from the RBI in terms of Section 22 of the Banking Regulation Act. It must be distinctly understood, however, that in issuing the license the RBI does not undertake any responsibility for the financial soundness of our Bank.

ESCROW COLLECTION BANK AND REFUND BANK: The South Indian Bank Limited

PLEASE REFER TO THE REVERSE OF THE COMPOSITE APPLICATION FORM FOR THE DETAILS OF THE ESCROW COLLECTION BANK AND THE COLLECTION CENTRES.

INVESTORS ARE ADVISED TO REFER THE LETTER OF OFFER AND ABRIDGED LETTER OF OFFER, AND THE RISK FACTORS CONTAINED THEREIN BEFORE APPLYING IN THE ISSUE.

AVAILABILITY OF THE LOF: The Letter of Offer is available on the website of the Lead Manager viz. www.edelweissfin.com, the websites of the stock exchanges where the equity shares are listed i.e. BSE Limited at www.bseindia.com, National Stock Exchange of India Limited at www.nseindia.com and will be available on SEBI's website: www.sebi.gov.in and a copy of the same can be downloaded from these websites.

LEAD MANAGER TO THE ISSUE	REGISTRAR TO THE ISSUE	COMPANY SECRETARY & COMPLIANCE OFFICER
Edelweiss — Ideas create, values protect **Edelweiss Financial Services Limited** 14th Floor, Edelweiss House, Off C.S.T. Road, Kalina, Mumbai 400 098 Telephone: +91 22 4009 4400 Fax: +91 22 4086 3610 E-mail: sib.rights@edelweissfin.com Investor Grievance E-mail: customerservice.mb@edelweissfin.com Website: www.edelweissfin.com Contact Person: Mr. Siddharth Mehta SEBI Registration No.: INM0000010650	LINK Intime **Link Intime India Pvt. Ltd.** C-101, 1st Floor, 247 Park, Lal Bahadur Shastri Marg, Vikhroli (West), Mumbai 400 083, India Telephone: +91 22 6171 5400 Facsimile: +91 22 2596 0329 Email: sib.rights@linkintime.co.in Investor Grievance E-mail: sib.rights@linkintime.co.in Website: www.linkintime.co.in Contact Person : Mr. Dinesh Yadav SEBI Registration Number: INR000004058	**Mr. Jimmy Mathew** Company Secretary and Compliance Officer SIB House, Mission Quarters, T.B. Road, Thrissur 680 001, Kerala, India Telephone : +91 487 2420020/2429333 Facsimile: +91 487 2442021 E-mail: jimmymathew@sib.co.in Investors may contact the Company Secretary and Compliance Officer at the below mentioned address and/ or Registrar to the Issue at the above mentioned address in case of any pre-issue/ post -issue related problems such as non-receipt of allotment advice/share certificates/ demat credit/refund orders etc.

For **The South Indian Bank Limited**

Place : Thrissur
Date : February 24, 2017

Sd/-
V.G. Mathew
Managing Director and Chief Executive Officer

The South Indian Bank Limited, ("Bank"), is proposing, subject to receipt of requisite approvals, market conditions and other considerations, a rights issue of its equity shares, and has in this regard, filed a LOF. The LOF will be available on the website of SEBI at www.sebi.gov.in and is available on the website of the stock exchanges where the equity shares are listed i.e. BSE Limited at www.bseindia.com, National Stock Exchange of India Limited at www.nseindia.com and the website of the Lead Manager to the Issue, i.e. Edelweiss Financial Services Limited: Website: www.edelweissfin.com. Investors should note that investment in equity shares involves a high degree of risk and for details relating to the same, please see the section entitled "Risk Factors" on page 15 of the LOF.

CONCEPT



ക്രൂശിതന്റെ വഴിയേ... 14

സംഘർഷങ്ങളിലൂടെ ഉരുത്തിരിയുന്ന മനുഷ്യദർശനം

പ്രീശരും നിയമജ്ഞരും പുരോഹിതരുമുൾപ്പെട്ട യഹൂദ നേതൃത്വവുമായുള്ള യേശുവിന്റെ നിരന്തര സംഘർഷം നാലു സുവിശേഷങ്ങളിലെയും പ്രധാനപ്പെട്ട പ്രതിപാദ്യ വിഷയമാണ്. മിക്കപ്പോഴും നിയമവ്യാഖ്യാനത്തെയും നിയമാനുഷ്ഠാനത്തെയും സംബന്ധിച്ചാണ് വിവാദം. യഹൂദ നേതാക്കൾ നിയമബദ്ധതയ്ക്ക് പ്രാധാന്യം നൽകിയപ്പോൾ യേശു മനുഷ്യസ്നേഹത്തിനും മനുഷ്യമോചനത്തിനും പ്രാധാന്യം നൽകി. മനുഷ്യമഹത്വത്തെ ഹനിക്കുന്നതും മനുഷ്യസ്വാതന്ത്ര്യത്തെ തകർക്കുന്നതുമായ നിയമങ്ങളെല്ലാം പൊളിച്ചെഴുതണമെന്ന് അവിടുന്ന് വാദിച്ചു. അതിനാൽ ഈ സംഘർഷങ്ങളിലൂടെ യേശുവിന്റെ വിമോചനാത്മകമായ മനുഷ്യദർശനമാണ് വിടർന്നു വരുന്നത്. സുവിശേഷകനായ മർക്കോസ് ഗലീലിയിൽ യേശു നേരിട്ട അഞ്ചു സംഘർഷങ്ങൾ സമാഹരിച്ച് രേഖപ്പെടുത്തിയിട്ടുണ്ട് (മർക്കോ. 2:1-3:6).

യേശു കഫർണാമിലെ വീട്ടിൽവച്ച് തളർവാതരോഗിയെ സുഖപ്പെടുത്തുന്നതാണ് ഒന്നാമത്തെ സംഘർഷരംഗം (മർക്കോ. 2:1-12). ജനബാഹുല്യം നിമിത്തം വീടിന്റെ കൂര പൊളിച്ച് കട്ടിലോടെ തളർവാതരോഗിയെ യേശുവിന്റെ സന്നിധിയിലേക്ക് ഇറക്കേണ്ടിവന്നു. യേശു രോഗിയോടു പറഞ്ഞു, "മകനേ, നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു." അവിടെയുണ്ടായിരുന്ന നിയമജ്ഞർ ചിന്തിച്ചു. "ഇത് ദൈവദൂഷണമാണ്, ദൈവത്തിനല്ലാതെ മറ്റാർക്കും പാപം മോചിക്കാൻ അധികാരമില്ല." ഇതു മനസിലാക്കിയ യേശു അവരോടു പറഞ്ഞു, "ഭൂമിയിൽ മനുഷ്യപുത്രനായ എനിക്ക് പാപം മോചിക്കാൻ അധികാരമുണ്ട്. ഈ മനുഷ്യന്റെ പാപം മോചിക്കപ്പെട്ടു എന്നതിന്റെ അടയാളമായി ഇയാൾ എഴുന്നേറ്റു കിടക്കയുമെടുത്ത് നടക്കട്ടെ." തളർവാതരോഗി ചാടിയെഴുന്നേറ്റു നടന്നു. മനുഷ്യകുലത്തിന് സമഗ്രമായ രക്ഷ നൽകുന്ന വിമോചകനാണ് യേശു. രണ്ടാമത്തെ സംഘർഷരംഗം ചുങ്കക്കാരനായ ലേവിയുടെ വീട്ടിൽ നടന്ന പന്തിഭോജനമാണ് (മർക്കോ. 2:13-17). യേശു പാപികളോടൊത്ത് ഭക്ഷണം കഴിക്കുന്നതിനെ എതിർത്ത ഫ്രീശരോട് അവിടുന്ന് പറഞ്ഞു, "നീതിമാന്മാരെയല്ല, പാപികളെ വിളിക്കാനാണ് ഞാൻ വന്നത്." പാപികൾക്കും സാമൂഹ്യഭ്രഷ്ടർക്കും സമൂഹത്തിൽ തുല്യസ്ഥാനം നൽകുന്നതാണ് യേശുവിന്റെ മനുഷ്യദർശനം.

മൂന്നാമത്തെ സംഘർഷം ഉപവാസാചരണവുമായി ബന്ധപ്പെട്ടതാണ് (മർക്കോ. 2:18-22). ഫ്രീശരും സ്നാപകയോഹന്നാന്റെ ശിഷ്യരും ഉപവസിച്ചു ദുഃഖമാചരിക്കുമ്പോൾ യേശുവിന്റെ ശിഷ്യർ തിന്നുകുടിച്ച് ആമോദിച്ചു നടക്കുന്നു. ഇത് ഗുരുവിനും ശിഷ്യർക്കും ഭൂഷണമാണോ? യേശുവിന്റെ മറുപടി, "മണവാളൻ കൂടെയുള്ളപ്പോൾ മണവറത്തോഴർക്ക് ദുഃഖമാചരിക്കാൻ പറ്റില്ല." താനാണ് മണവാളൻ, തന്റെ ശിഷ്യർ മണവറത്തോഴരും. മണവാളനായ താൻ കൂടെയുള്ളപ്പോൾ തന്റെ ശിഷ്യർക്ക് നിതാന്തമായ സന്തോഷത്തിന് അവകാശമുണ്ട്. പഴയ വസ്ത്രത്തോട് ചേരാത്ത പുതിയ തുണിക്കഷണത്തിന്റെയും പുതിയ തോൽക്കുടങ്ങളിലെ പുതിയ വീഞ്ഞിന്റെയും ഉപമകൾ (മർക്കോ. 2:21-22) യേശുവിലൂടെ സമാരംഭിച്ച നവീനതയാർന്ന സുവിശേഷത്തിന്റെ ശ്രേഷ്ഠത വിളിച്ചോതുന്നവയാണ്. പുതിയ വീഞ്ഞിനു പുതിയ തോൽക്കുടം വേണമെന്നുപോലെ യേശുവിന്റെ സുവിശേഷം അനുഷ്ഠാനപരതയിലും നൈയാമികതയിലും തളച്ചുവയ്ക്കാനാവില്ല. പുതിയ ദർശനവും പ്രവർത്തനശൈലിയും പേറുന്ന യേശുവിന്റെ സുവിശേഷം മനുഷ്യന്റെ അനന്തമായ സാധ്യതകളിലുള്ള വിശ്വാസം പ്രഖ്യാപിക്കുന്നതാണ്.

നാലാമത്തെയും അഞ്ചാമത്തെയും സംഘർഷങ്ങൾ സാബത്ത് ലംഘനവുമായി ബന്ധപ്പെട്ടവയാണ് (മർക്കോ. 2: 23-27, 3: 1-6). യഹൂദ നിയമപ്രകാരം സാബത്തിൽ യാതൊരു വേലയും ചെയ്യാൻ പാടില്ല. സാബത്ത് ദിവസം യേശുവും ശിഷ്യന്മാരും വിളഞ്ഞുകിടക്കുന്ന വയലിലൂടെ സഞ്ചരിച്ചപ്പോൾ വിശന്നുപൊരിഞ്ഞ ശിഷ്യന്മാർ ധാന്യക്കതിരുകൾ പറിച്ചു തിന്നാൻ തുടങ്ങി. ഫ്രീശർ യേശുവിൽ സാബത്ത് ലംഘന കുറ്റം ആരോപിച്ചു. യേശു ദാവീദിന്റെ ജീവിതത്തിലെ ഒരു സംഭവം ഉദ്ധരിച്ചുകൊണ്ട് അവരുടെ വാദത്തെ ഖണ്ഡിക്കുന്നു. മനുഷ്യജീവന്റെ സംരക്ഷണത്തിനുവേണ്ടി മതനിയമങ്ങൾ ലംഘിക്കാമെന്ന് അവിടുന്ന് സമർഥിച്ചു. മനുഷ്യജീവനും മനുഷ്യസ്നേഹവുമാണ് എല്ലാ നിയമങ്ങളെയുംകാൾ പ്രധാനം. സാബത്ത് മനുഷ്യനുവേണ്ടിയാണ്, മനുഷ്യൻ സാബത്തിനുവേണ്ടിയല്ല. മനുഷ്യപുത്രൻ സാബത്തിന്റെയും കർത്താവാണ്. സാബത്തിൽ രോഗശാന്തി നൽകുന്നതുമായി ബന്ധപ്പെട്ടതാണ് അഞ്ചാമത്തെ സംഘർഷം (മർക്കോ. 3: 1-6). സിനഗോഗിലെത്തിയ യേശു കൈ ശോഷിച്ച മനുഷ്യനെ കണ്ടു. സാബത്തിൽ രോഗസൗഖ്യം നൽകാൻ പാടില്ല എന്നാണ് ഫ്രീശരുടെ അഭിപ്രായം. യേശുവാകട്ടെ സാബത്തുദിവസം ജീവൻ രക്ഷിക്കുന്നതും നന്മ ചെയ്യുന്നതും അനുവദനീയമാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് രോഗിക്ക് സൗഖ്യം നൽകി. ഈ സാബത്ത് ലംഘനങ്ങളിലൂടെ മനുഷ്യമഹത്വവും മനുഷ്യരക്ഷയുമാണ് എല്ലാ നിയമങ്ങളുടെയും മാനദണ്ഡമെന്ന് അസന്ദിഗ്ധമായി യേശു പഠിപ്പിക്കുകയായിരുന്നു.

യേശുവിന്റെ മനുഷ്യസ്നേഹത്തിൽ ഊന്നിയ വിമോചനാത്മകമായ ദർശനധാര, നിയമബദ്ധതയുടെ വക്താക്കളെ അമർഷംകൊള്ളിച്ചതിൽ അദ്ഭുതമില്ല. അവർ യേശുവിനെ വധിക്കാൻ എതിരാളികളോടു ചേർന്ന് ആലോചന നടത്തി. മനുഷ്യപക്ഷത്ത് നിൽക്കുന്നവരുടെ ചുമലിൽ മതപക്ഷത്ത് നിൽക്കുന്നവർ കുരിശ് ചാർത്തിക്കൊടുക്കുന്ന വിരോധാഭാസം!

ഫാ. തോമസ് വള്ളിയാനിപ്പുറം

ബാങ്കിംഗ് ചൂഷണത്തിനെതിരേ പ്രക്ഷോഭം: ജനാധിപത്യ കേരള കോൺ.

ചരൽകുന്ന്: ബാങ്കിംഗ് മേഖലയിൽ നടപ്പിലാക്കിവരുന്ന ജനവിരുദ്ധ നയങ്ങൾക്കെതിരെ ശക്തമായ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കാൻ ജനാധിപത്യ കേരള കോൺഗ്രസ് സംസ്ഥാന ക്യാമ്പ് തീരുമാനിച്ചു.

എടിഎം ഉപയോഗിക്കുന്നതിനു ഫീസ് ഏർപ്പെടുത്തിയതും തങ്ങളുടെ അധ്വാനഫലമായ സമ്പാദ്യം നിക്ഷേപിച്ചതു പിൻവലിക്കുന്നതിനു ഫീസ് ഏർപ്പെടുത്തിയതും പ്രതിഷേധാർഹമാണ്. അക്കൗണ്ടുകളിൽ മിനിമം ബാലൻസ് പരിധി നിശ്ചയിച്ചും പരിധി ലംഘനത്തിനു കനത്ത ഫൈൻ ഏർപ്പെടുത്തിയും വായ്പകളിൽ അപ്രഖ്യാപിത ഫീസുകൾ ഈടാക്കിയും ബാങ്കുകൾ ജനങ്ങളെ കൊള്ളയടിക്കുന്നതിൽ പ്രതിഷേധിച്ചു സമരം നടത്തും.

17ന് എറണാകുളം റിസർവ് ബാങ്കിന് മുന്നിലും 24ന് തിരുവനന്തപുരത്തു റിസർവ് ബാങ്കിനു മുന്നിലും 31ന് കോഴിക്കോട് എസ്ബിഐയുടെ മേഖലാ ഓഫീസിനു മുന്നിലും ധർണ നടത്തും.

സമാപന സമ്മേളനം ചെയർമാൻ ഫ്രാൻസിസ് ജോർജ് ഉദ്ഘാടനംചെയ്തു. സംസ്ഥാന ജനറൽ സെക്രട്ടറി ഏലിയാസ് സഖറിയ അധ്യക്ഷത വഹിച്ച യോഗത്തിൽ പി.സി. ജോസഫ്, വക്കച്ചൻ മറ്റത്തിൽ, എം.പി. പോളി, മാത്യു സ്റ്റീഫൻ, എ.ജെ. ജോസഫ്, ജോസ് വള്ളമറ്റം, ജേക്കബ് എബ്രഹാം, ജോർജ് വർഗീസ് കൊപ്പാറ, രാജു നെടുവംപുറം, തോമസ് കുന്നപ്പള്ളി, ആന്റണി ആലഞ്ചേരി, കെ.സി. ജോസഫ്, ജോർജ് അഗസ്റ്റിൻ, ഫ്രാൻസിസ് തോമസ്, ജോസ് പാറേക്കാട്ട്, ബേബി പതിപ്പള്ളി, ജേക്കബ് ജോർജ് കുറ്റിയിൽ, വർഗീസ് മുളയ്ക്കൽ, ഷിബു സി. സാം, മോളി മാത്യു, മാത്യു കുന്നപ്പള്ളി, മാത്യൂസ് ജോർജ്, മൈക്കിൾ ജയിംസ്, നോബിൾ ജോസഫ്, ജോസഫ് കെ. നെല്ലുവേലി, ഷൈസൺ പി. മാങ്കുഴ, എച്ച് രാജു, ജോയി കാക്കനാട്ട്, എ.റ്റി. രാജു, മാത്യു സെബാസ്റ്റ്യൻ, ജയിംസ് ആനിത്തോട്ടം, കെ.എ. ആന്റണി, പെരുനാട് രാമചന്ദ്രൻ നായർ എന്നിവർ പ്രസംഗിച്ചു.



ദീപിക ഫ്രണ്ട്സ് ക്ലബ് പാലക്കാട് രൂപത നേതൃത്വ പരിശീലന ക്യാമ്പിന്റെ ഉദ്ഘാടനം ചക്കാന്തറ പാസ്റ്ററൽ സെന്ററിൽ ബിഷപ് മാർ ജേക്കബ് മനത്തോടത്ത് നിർവഹിക്കുന്നു. ഡിഎഫ്സി പാലക്കാട് രൂപത പ്രസിഡന്റ് ജോസ് ചാലയ്ക്കൽ, രൂപത ആനിമേറ്റർ സിസ്റ്റർ ട്രീസ അരീക്കാട്ട്, സെക്രട്ടറി ജോണി ഡയൻ, വികാരി ജനറാൾ മോൺ. ജോസഫ് ചിറ്റിലപ്പിള്ളി, സംസ്ഥാന ജനറൽ സെക്രട്ടറി പോളി അഗസ്റ്റിൻ, എകെസിസി രൂപത പ്രസിഡന്റ് ജോസ് മേനാച്ചേരി, രാഷ്ട്രദീപിക ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. മാണി പുതിയിടം, ദീപിക തൃശൂർ റസിഡന്റ് മാനേജർ ഫാ. ആന്റോ ചുങ്കത്ത്, ഡിഎഫ്സി സംസ്ഥാന ഡയറക്ടർ ഫാ. റോയി കണ്ണൻചിറ, ദീപിക സർക്കുലേഷൻ ഡപ്യൂട്ടി ജനറൽ മാനേജർ ജോസഫ് ഓലിക്കൽ, തൃശൂർ ബ്യൂറോ ചീഫ് ഫ്രാങ്കോ ലൂയിസ് എന്നിവർ സമീപം. -ദീപിക

ദീപിക ഫ്രണ്ട്സ് ക്ലബ് പാലക്കാട് രൂപത നേതൃത്വ പരിശീലന ക്യാമ്പ് ആരംഭിച്ചു

സമൂഹത്തിന്റെ നന്മ മാധ്യമ ധർമമാകണം: ബിഷപ് മാർ ജേക്കബ് മനത്തോടത്ത്

പാലക്കാട്: സമൂഹത്തിന്റെ നന്മയാണ് മാധ്യമ ധർമ്മമാകേണ്ടതെന്നു പാലക്കാട് രൂപത ബിഷപ് മാർ ജേക്കബ് മനത്തോടത്ത്. ദീപിക ഫ്രണ്ട്സ് ക്ലബ് പാലക്കാട് രൂപത നേതൃത്വ പരിശീലന ക്യാമ്പ് ചക്കാന്തറ പാസ്റ്ററൽ സെന്ററിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്.

ഇന്നത്തെ കാലത്ത് ഈ ധർമം പാലിക്കപ്പെടുന്നുണ്ടോയെന്നു ഗൗരവമായി ആലോചിക്കണം. ഈ അവസ്ഥയിലാണ് സത്യത്തിന്റെ ജിഹ്വയായ ദീപികയുടെ പ്രസക്തിയെന്നു ബിഷപ് പറഞ്ഞു. പലപ്പോഴും മാധ്യമങ്ങൾ സത്യം മറച്ചുവയ്ക്കുകയോ അല്ലെങ്കിൽ അർധസത്യങ്ങൾ പറയുകയോ ചെയ്യുന്നു. സത്യമെന്തെന്നു പിന്നീടു തെളിയുമ്പോഴും മുമ്പു പ്രചരിപ്പിച്ചവ തിരുത്താനും തയാറാകുന്നില്ല.

കേട്ടുകേൾവികളാണ് ഇന്നു വാർത്തകളായി മാറുന്നത്. അധാർമികമായ കാര്യങ്ങൾ പലതും സമൂഹത്തിൽ നടക്കുന്നുണ്ട്. അതിനെ അനാവശ്യ ചർച്ചകളാക്കി സ്വാർഥതാത്പര്യങ്ങൾക്കായി ഉപയോഗിക്കുകയാണ് മിക്ക മാധ്യമങ്ങളും.

ദീപിക നേതൃത്വത്തിന്റെ സ്വപ്നങ്ങൾക്കു ചിറകേകാൻ എല്ലാവർക്കും കഴിയണം. ദീപികയെ സ്വന്തമായി കാണണം. നമ്മുടെ സാധ്യതകൾ നാം പരമാവധി ഉപയോഗപ്പെടുത്തണം. സഭയുടെ, സമുദായത്തിന്റെ പത്രമായ ദീപികയോടു സർവാത്മനാ സഹകരിക്കുന്നതോടൊപ്പം മറ്റുള്ളവരെ സഹകരിപ്പിക്കുകയും വേണം. അതിനു ദീപിക ഫ്രണ്ട്സ് ക്ലബ് നേതൃസംഗമങ്ങൾ ആവേശവും പ്രചോദനവുമാകട്ടെയെന്ന് മാർ മനത്തോടത്ത് ആശംസിച്ചു.

സഭയുടെ സന്ദേശം പ്രചരിപ്പിക്കുന്നതോടൊപ്പം മതേതരത്വം ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന പത്രമാണ് ദീപികയെന്നു ചടങ്ങിൽ അധ്യക്ഷത വഹിച്ച രാഷ്ട്രദീപിക ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. മാണി പുതിയിടം പറഞ്ഞു. ദീപിക വെറുമൊരു ബിസിനസ് പത്രമല്ല സഭയേയും ന്യൂനപക്ഷങ്ങളെയും സമൂഹത്തെ ആകമാനവും ഉൾക്കൊള്ളുന്നതാണ് ദീപികയുടെ ചരിത്രമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

പാലക്കാട് രൂപത വികാരി ജനറാളും രൂപത ഡിഎഫ്സി ഡയറക്ടറുമായ മോൺ. ജോസഫ് ചിറ്റിലപ്പിള്ളി ആമുഖപ്രസംഗം നടത്തി. ദീപിക തൃശൂർ റസിഡന്റ് മാനേജർ റവ.ഡോ. ആന്റോ ചുങ്കത്ത്, എകെസിസി രൂപത പ്രസിഡന്റ് ജോസ് മേനാച്ചേരി എന്നിവർ ആശംസാപ്രസംഗം നടത്തി.

ഡിഎഫ്സി സംസ്ഥാന ഡയറക്ടർ ഫാ. റോയി കണ്ണൻചിറ സിഎംഐ, സംസ്ഥാന ജനറൽ സെക്രട്ടറി പോളി അഗസ്റ്റിൻ, രൂപത ആനിമേറ്റർ സിസ്റ്റർ ട്രീസ അരീക്കാട്ട് എന്നിവർ പങ്കെടുത്തു.

ഡിഎഫ്സി രൂപത പ്രസിഡന്റ് ജോസ് ചാലയ്ക്കൽ സ്വാഗതവും സെക്രട്ടറി ജോണി ഡയന് നന്ദിയും പറഞ്ഞു.

ഉദ്ഘാടന സമ്മേളനത്തിനു ശേഷം വിവിധ വിഷയങ്ങളിൽ മോൺ. ഡോ. മാണി പുതിയിടം, ദീപിക ചീഫ് എഡിറ്റർ ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ, ഫാ. റോയി കണ്ണൻചിറ സിഎംഐ, ഡിഎഫ്സി കോതമംഗലം രൂപത ഡയറക്ടർ ഫാ. ജിനോ പുന്നമറ്റം, ദീപിക മാർക്കറ്റിംഗ് ജനറൽ മാനേജർ കെ.സി. തോമസ്, സർക്കുലേഷൻ ഡെപ്യൂട്ടി ജനറൽ മാനേജർ ജോസഫ് ഓലിക്കൽ, അസിസ്റ്റന്റ് ജനറൽ മാനേജർ ഡി.പി. ജോസ് എന്നിവർ ക്ലാസെടുത്തു.

നേതൃസംഗമം ഇന്നു സമാപിക്കും.

ചിനക്കത്തൂരിൽ പൊൻപൂരം പെയ്തിറങ്ങി

ഒറ്റപ്പാലം: ചിനക്കത്തൂരിൽ പൊൻപൂരത്തിന്റെ സൂര്യനുദിച്ചു. ആവേശം അലകടലൊരുക്കിയ തട്ടകമുറ്റത്ത് അഭിനവമാമാങ്കത്തിനു പുനർജനി. പറയുടെ പ്രചണ്ഡതാളം കേട്ടാണ് പൂരനാളിൽ തട്ടകം ഉണർന്നത്. ആറാട്ടുകഴിഞ്ഞെത്തിയ ദേവിക്കുമുന്നിൽ പൂതൻ, തിറ രൂപങ്ങൾ മതിമറന്നാടി.

മാഘമാസത്തിൽ പുണ്യം തേടിയെത്തിയ ഭക്തജനസഹസ്രങ്ങൾക്കുമുന്നിൽ ഇഷ്ടവരദായിനിയുടെ കൃപാകടാക്ഷം. ദേശങ്ങളിൽനിന്നും ഉയർന്ന ഈടിന്റെയും വെടിയുടെയും പ്രകമ്പനങ്ങൾ പൂരത്തിന്റെ വരവറിയിച്ചു. താഴത്തെകാവിൽ നടയടയ്ക്കുന്നതിനുമുമ്പ് ആറാട്ടുമേളത്തിന്റെ വിസ്മയം.

വാദ്യകുലപതി മട്ടന്നൂരിന്റെ പഞ്ചാരിമേളം വാക്കുകൾക്ക് അതീതം. കൊടിക്കൂറ താഴ്ത്തി താഴത്തെ കാവിൽ നടയടച്ചതോടെ കാവുതീണ്ടൽ. ലാലി പൊലിലെയ്... വായ്ത്താരികളുമായി കാളവരവും കുടകളിയും. ചിനക്കത്തൂരിന്റെ തട്ടകമുറ്റത്ത് ആവേശത്തിന്റെ കൊടിയേറ്റം.

ഉച്ചയ്ക്കു രണ്ടോടെ അഭിനവമാമാങ്കത്തിന്റെ പടനിലം തീർത്ത് കുതിരകളി. അങ്കക്കലിയുടെ രൗദ്രത ആവാഹിച്ചെടുത്ത് കുതിരക്കോലങ്ങൾ കലിതുള്ളി. ആർപ്പുവിളികളും അലമുറകളും ചിനക്കത്തൂരിന്റെ സങ്കീർത്തനമായി.

എല്ലാത്തിനും സാക്ഷിയായി രാജസിംഹാസനത്തിൽ ചിനക്കത്തൂരമ്മ.

തട്ടകം കാക്കും ഭഗവതിക്കുമുന്നിൽ യുദ്ധതന്ത്രങ്ങളുടെ ചുരികത്തലപ്പുകൊണ്ട് കണക്കുകൾ തീർത്ത് യുവരാജാവും അകമ്പടിയും സേനാനായകനുമെല്ലാം അടർക്കളത്തിൽ അടരാടവേ യുദ്ധം നിർത്താനുള്ള ആവശ്യവുമായി കണക്കെടുപ്പുകാരൻ മംഗലത്തുമനയ്ക്കലെ ജോത്സ്യകുതിരയുടെ ആഗമനം. ആകാശത്തു മുത്തമിട്ട് ദേശക്കരുത്തിന്റെ കൈകളിൽ അമ്മാനമാടിയ കുതിരകളിക്ക് അന്ത്യം.

വീണ്ടും പുലർച്ചെ ഭഗവതിയെ വന്ദിക്കാനെത്താമെന്ന ഉറപ്പിൽ പൊയ്ക്കുതിരകൾ പന്തിയിലേക്ക് നീങ്ങവേ ആദിസംസ്കാരത്തിന്റെ ചിലമ്പൊലികളുമായി തട്ടിന്മേൽകൂത്തും തേരും ഭഗവതിയെ വന്ദിക്കാനെത്തി. കാഴ്ചവട്ടങ്ങളുടെ നിധിയറയൊരുക്കി കെട്ടുകാഴ്ചകളുടെ നിലയ്ക്കാത്ത പ്രവാഹമായി സ്പെഷൽ വേഷഘോഷങ്ങൾ തട്ടകമുറ്റം നിറഞ്ഞതോടെ ആവേശം അലതല്ലി. അണമുറിയാതെ ഒഴുകിയെത്തിയ കാഴ്ചവട്ടങ്ങൾ അവസാനിക്കുന്നതിനു മുമ്പുതന്നെ വെട്ടിത്തിളങ്ങുന്ന സ്വർണക്കോലങ്ങളുമേന്തി സഹ്യപുത്രന്മാരുടെ വരവ്.

കിഴക്ക്-പടിഞ്ഞാറ് ചേരികളിൽ കിഴക്കൂട്ട് അനിയൻമാരാരുടേയും ചേരാനെല്ലൂർ ശങ്കരൻകുട്ടി മാരാരുടെയും നേതൃത്വത്തിലുള്ള പാണ്ടിമേളം, തട്ടകമുറ്റത്തെ ആലിലകൾപോലും മേളത്തിനൊത്തു വിറകൊണ്ടു. ആനപ്പൂരത്തിന്റെ ചന്തമൊരുക്കി കുടമാറ്റവും എഴുന്നള്ളിപ്പും.

വീണ്ടും ഒരിക്കൽകൂടി വന്നെത്തുമെന്നു ഭഗവതിയെ വണങ്ങി വിടപറഞ്ഞ് സഹ്യപുത്രന്മാർ അകലങ്ങളിലേക്ക് അടിവയ്ക്കുമ്പോൾ ആകാശത്തു വർണവിസ്മയങ്ങൾ തീർത്ത് തെക്കുംമംഗലം ദേശത്തിന്റെ വെടിക്കെട്ട്.

രാത്രിയിൽ ഉറങ്ങാത്ത തട്ടകത്തിലും തിരുമുറ്റത്തും ആഘോഷങ്ങളുടെ ആവർത്തനം.

പുലർച്ചെ പടിഞ്ഞാറൻ ചേരിയുടെ വെടിക്കെട്ടു കഴിയുമ്പോൾ കൊടുത്ത വാക്കുപാലിക്കാൻ ആനപ്പൂരവും പൊയ്ക്കാൽ കുതിരകളും തേരും തട്ടിന്മേൽകുത്തും ഒരിക്കൽകൂടി ഭഗവതിയെ വണങ്ങാനെത്തും, പൂരത്തിന്റെ ഭരതവാക്യവുമായി.



ചിനക്കത്തൂർ പൂരത്തിന്റെ ഭാഗമായി ക്ഷേത്രാങ്കണത്തിൽ നടന്ന പൊയ്ക്കാൽ കുതിരകളി. -അനിൽ കെ.പുത്തൂർ.

This document is for informational purposes only and is not an offer document. Not for Release or Distribution in the United States

SOUTH INDIAN Bank
Experience Next Generation Banking

Our Bank was incorporated under the Indian Companies Act, 1913 on January 25, 1929 at Thrissur.
Registered Office: SIB House, Mission Quarters, T.B. Road, Thrissur 680 001, Kerala, India; **Telephone:** + 91 487 2420 020/ 2429 333; **Facsimile:** +91 487 2442 021; **Contact Person:** Mr. Jimmy Mathew, Company Secretary and Compliance Officer; **Email:** ho2006@sib.co.in; **Website:** www.southindianbank.com
Corporate Identity Number: L65191KL1929PLC001017

ISSUE OF UP TO 45,07,89,302 EQUITY SHARES OF FACE VALUE OF ₹1 EACH ("EQUITY SHARES") OF OUR BANK FOR CASH AT A PRICE OF ₹14 PER EQUITY SHARE ("ISSUE PRICE") INCLUDING A PREMIUM OF ₹13 PER EQUITY SHARE AGGREGATING UP TO ₹630.99 CRORES TO THE ELIGIBLE EQUITY SHAREHOLDERS OF OUR BANK ON RIGHTS BASIS IN THE RATIO OF ONE EQUITY SHARE FOR EVERY THREE EQUITY SHARES HELD ON FEBRUARY 17, 2017 (THE "RECORD DATE") (THE "ISSUE"). THE ISSUE PRICE IS 14 TIMES THE FACE VALUE OF THE EQUITY SHARES. FOR FURTHER DETAILS, PLEASE SEE SECTION TITLED "TERMS OF THE ISSUE" ON PAGE 95 OF THE LETTER OF OFFER.

CORRIGENDUM: NOTICE TO INVESTORS

Our Bank has received queries from certain fund managers based outside the United States and managing US domiciled funds regarding their eligibility to participate in the Issue in accordance with Rule 903 of Regulation S. In this regard, our Bank has decided to clarify that such shareholders and other similarly placed shareholders are eligible to participate in the Issue. Accordingly:

a) The Letter of Offer, the Abridged Letter of Offer and the CAF are hereby amended as follows:

All references to "U.S. Persons", "U.S. Person" and "registered address in the United States" shall be deemed to be deleted and any words before or after those terms that relate thereto shall also be deemed to be deleted and the remaining parts of sentences or paragraphs where such terms appear shall continue to remain in full force and effect.

b) Point 4 under the heading "Other Regulatory and Statutory Disclosures – Important Information for Investors – Eligibility – Eligible Investors – Equity Shares and Rights Offered and Sold in this Issue" on page 94 of the Letter of Offer is hereby deleted and replaced with the following:

"(4) the purchaser was outside the United States (within the meaning of Regulation S) at the time the offer of the Rights Entitlements and Equity Shares was made to it and it was outside the United States when its buy order for the Rights Entitlements and the Equity Shares was originated."

c) The last bullet point under the heading "Application on Plain Paper" on page 8 of the Abridged Letter of Offer and the last bullet point on page 117 of the Letter of Offer are hereby deleted and replaced with the following:

"Additionally, by subscribing to any Equity Shares offered in the Issue, you shall be deemed to have made the representations, warranties, acknowledgments and agreements set forth in the Letter of Offer (as amended by the corrigendum dated March 11, 2017) under the heading "Other Regulatory and Statutory Disclosures – Important Information for Investors – Eligibility – Eligible Investors – Equity Shares and Rights Offered and Sold in this Issue" on page 94 of the Letter of Offer."

The Letter of Offer, the Abridged Letter of Offer and CAF stand accordingly updated and amended to the extent stated hereinabove. This intimation should be read in conjunction with the Letter of Offer, the Abridged Letter of Offer, CAF.

DISCLAIMER CLAUSE OF SEBI: It is to be distinctly understood that the submission of the letter of offer to SEBI should not in any way be deemed or construed that the same has been cleared or approved by SEBI. Investors are advised to refer to the Letter of Offer for the full text of the **"Disclaimer Clause of SEBI"** on Page 87 of the Letter of Offer.

DISCLAIMER CLAUSE OF BSE (Designated Stock Exchange): It is to be distinctly understood that the permission given by BSE should not, in anyway, be deemed or construed that the Letter of Offer has been cleared or approved by BSE; nor does it certify the correctness or completeness of any of the contents of the Letter of Offer. Investors are advised to refer to the Letter of Offer for the full text of the **"Disclaimer Clause of the BSE"** on Page 91 of the Letter of Offer.

DISCLAIMER CLAUSE OF NSE: It is to be distinctly understood that the permission given by NSE should not, in anyway, be deemed or construed that the Letter of Offer has been cleared or approved by NSE; nor does it certify the correctness or completeness of any of the contents of the Letter of Offer. Investors are advised to refer to the Letter of Offer for the full text of the **"Disclaimer Clause of the NSE"** on Page 92 of the Letter of Offer.

Disclaimer Clause of RBI: A license authorising our Bank to carry on banking business has been obtained from the RBI in terms of Section 22 of the Banking Regulation Act. It must be distinctly understood, however, that in issuing the license the RBI does not undertake any responsibility for the financial soundness of our Bank.

All capitalized terms used and not defined herein shall have the meaning assigned to them in the Letter of Offer dated February 20, 2017, as supplemented by the corrigendum dated February 24, 2017 (together, the "Letter of Offer" or "LOF").

LEAD MANAGER TO THE ISSUE	REGISTRAR TO THE ISSUE	COMPANY SECRETARY & COMPLIANCE OFFICER
Edelweiss **Edelweiss Financial Services Limited** 14th Floor, Edelweiss House, Off C.S.T. Road, Kalina, Mumbai 400 098 Telephone: +91 22 4009 4400 Fax: +91 22 4086 3610 E-mail: sib.rights@edelweissfin.com Investor Grievance E-mail: customerservice.mb@edelweissfin.com Website: www.edelweissfin.com Contact Person: Mr. Shubham Mehta SEBI Registration No.: INM0000010650	LINK Intime **Link Intime India Pvt. Ltd.** C-101, 1st Floor, 247 Park, Lal Bahadur Shastri Marg, Vikhroli (West), Mumbai 400 083, India Telephone: +91 22 6171 5400 Facsimile: +91 22 2596 0329 Email: sib.rights@linkintime.co.in Investor Grievance E-mail: sib.rights@linkintime.co.in Website: www.linkintime.co.in Contact Person : Mr. Dinesh Yadav SEBI Registration Number: INR000004058	**Mr. Jimmy Mathew** Company Secretary and Compliance Officer SIB House, Mission Quarters, T.B. Road, Thrissur 680 001, Kerala, India Telephone: + 91 487 2420020/2429333 Facsimile: + 91 487 2442021 E-mail: jimmymathew@sib.co.in Investors may contact the Company Secretary and Compliance Officer at the below mentioned address and/ or Registrar to the Issue at the above mentioned address in case of any pre-issue/ post -issue related problems such as non-receipt of allotment advice/share certificates/ demat credit/refund orders etc.

For The South Indian Bank Limited
Sd/-
V.G. Mathew
Managing Director and Chief Executive Officer

Place: Thrissur
Date: March 11, 2017

The South Indian Bank Limited, ("Bank"), is proposing, subject to receipt of requisite approvals, market conditions and other considerations, a rights issue of its equity shares, and has in this regard, filed a LOF. The LOF will be available on the website of SEBI at www.sebi.gov.in, the websites of the stock exchanges where the equity shares are listed i.e. BSE Limited at www.bseindia.com, National Stock Exchange of India Limited at www.nseindia.com and the website of the Lead Manager to the Issue, i.e. Edelweiss Financial Services Limited; Website: www.edelweissfin.com. Investors should note that investment in equity shares involves a high degree of risk and for details relating to the same, please see the section entitled "Risk Factors" on page 15 of the LOF.

This announcement has been prepared for publication in India and may not be released in the United States. This announcement does not constitute an offer of securities for sale in any jurisdiction, including the United States, and any securities described in this announcement may not be offered or sold in the United States absent registration under the US Securities Act of 1933, as amended, or an exemption from registration. Any public offering of securities to be made in the United States will be made by means of a prospectus that may be obtained from our Bank and that will contain detailed information about our Bank and management, as well as financial statements.

K1703-336819

പുത്തൻപാന പാരായണം ഇന്ത്യ ബുക്ക് ഓഫ് റിക്കാർഡ്സിലേക്ക്

300 പേർ പങ്കെടുക്കുന്ന റിക്കാർഡ് പ്രകടനം 18ന്

★ **തൃശൂർ:** അർണോസ് പാതിരിയുടെ 285-ാം ചരമ വാർഷികത്തോടനുബന്ധിച്ച് വേലൂർ പള്ളിയിൽ 300 പേർ പങ്കെടുക്കുന്ന പുത്തൻപാന സംഘാലാപനം ഇന്ത്യ ബുക്ക് ഓഫ് റിക്കാർഡ്സിലേക്ക്. 12 മണിക്കൂർ തുടർച്ചയായ പാനാലാപനം 18നു രാവിലെ അഞ്ചിന് ആരംഭിച്ച് വൈകീട്ട് അഞ്ചിന് അവസാനിക്കുമെന്നു വികാരി ഫാ. ജോൺസൻ അയിനിക്കൽ പത്രസമ്മേളനത്തിൽ പറഞ്ഞു.

ഇന്ത്യ ബുക്ക്-ഓഫ് റിക്കാർഡ്സ് അഡ്ജുഡിക്കേറ്റർമാർ നേരിട്ടു പങ്കെടുത്താണ് റിക്കാർഡ് പ്രകടനം വിലയിരുത്തുന്നത്. തുടർന്ന് വൈകീട്ട് 5.30നു നടത്തുന്ന പൊതുയോഗത്തിൽ ക്രിസ്തീയ വേഷത്തിൽ 300 പേരും ചേർന്ന് പുത്തൻപാന ആലാപനം നടത്തും. ജർമനിയുടെ ഓണററി കോൺസൽ ഡോ. സയ്യദ് ഇബ്രാഹിം ഉദ്ഘാടനം ചെയ്യും. വികാരി ഫാ. ജോൺസൻ അയിനിക്കൽ അധ്യക്ഷത വഹിക്കും. ഡോ. ഗ്രേസി വർഗീസ് മുഖ്യ പ്രഭാഷണം നടത്തും. തുടർന്ന് പാതിരി വെളിച്ചം സിനിമ പ്രദർശിപ്പിക്കും. 19ന് ഉച്ചയ്ക്ക് ഒന്നിന് വേലൂർ മാതൃദേവാലയത്തിൽനിന്ന് വേർപിരിഞ്ഞ 53 പുത്രി ഇടവക ടീമുകളെ പങ്കെടുപ്പിച്ച് പുത്തൻപാന സംഘാലാപന മത്സരം നടത്തും. 20ന് രാവിലെ ആറിന് അർണോസ് പാതിരി അനുസ്മരണം നടത്തും. പാതിരിയുടെ പാദസ്പർശമേറ്റ വഴികളിലൂടെ ചരിത്ര പഠന യാത്രയും സംഘടിപ്പിച്ചിട്ടുണ്ട്. പാന എന്ന പേരിൽ അർണോസ് പാതിരിയുടെ ജീവചരിത്രം പശ്ചാത്തലമാക്കി ഫാ. ഫിജോ ആലപ്പാടൻ രചിച്ച സാമൂഹ്യ സംഗീത നാടകവും അണിയറയിൽ ഒരുങ്ങുന്നുണ്ട്. ട്രസ്റ്റി എം.പി.സേവി, കൺവീനർ വിൻസന്റ് പാടൂർ ചാലക്കൽ, ജോയിന്റ് കൺവീനർ പി.പി. യേശുദാസ് എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.